ഇനി പാപമോചനത്തിനായി ഒരിടത്തും പോകേണ്ട. നേർച്ചകളോ കാഴ്ചകളോ മറ്റ് യാഗങ്ങളോ അർപ്പിക്കേണ്ട. ഒരു പൈസയും ചിലവാക്കേണ്ട. താങ്കൾ ആയിരിക്കുന്ന സ്ഥാനത്ത്, കണ്ണുകളടച്ച് 'യേശുവേ, എന്റെ പാപങ്ങളെ എന്നോട് പൊറുക്കണമേ. പാപിയായ എനിക്ക് പകരം ക്രൂശിൽ അങ്ങ് തകർക്കപ്പെട്ടുവല്ലോ... അങ്ങേക്ക് നന്ദി. എന്റെ ഹൃദയത്തിലേയ്ക്ക് വരേണമേ. എന്നെ ഒരു പുതു സൃഷ്ടിയാക്കേണമേ' എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചാൽ യേശു താങ്കളിൽ കടന്നുവരും. ഹൃദയത്തിൽ സമാധാനം നൽകും. ഞങ്ങൾ അനുഭവിക്കുന്ന ആത്മീയസന്തോഷം താങ്കൾക്കും ലഭിക്കും. താങ്കളെ വരിഞ്ഞു കെട്ടിയിരിക്കുന്ന രോഗത്തിന്റെ ബന്ധനത്തിൽ നിന്നും പിശാചിന്റെ ബന്ധനത്തിൽ നിന്നും വിടുതൽ ലഭ്യമാകും. ഇരുളിന്റെ ശക്തികൾ താങ്കളെ വിട്ടുപോടിപ്പോകും. മാത്രവുമല്ല, യേശുവിലൂടെ ലഭിക്കുന്ന നിത്യരക്ഷയ്ക്ക് താങ്കൾ അവകാശിയാകും.

താങ്കൾ ഇപ്പോൾ ഒരു പുതിയ സൃഷ്ടിയായി മാറിയിരിക്കുന്നു. പഴയ മനുഷ്യന്റെ പഴയ സ്വഭാവം ഇനി വരാതിരിക്കാൻ സൂക്ഷിക്കുക. ഒരു വിശുദ്ധ ജീവിതം ജീവിക്കുവാൻ പ്രയത്നിക്കുക. മനുഷ്യനെ മുറിപ്പെടുത്തുന്ന വാക്കുകൾ സംസാരിക്കാതിരിക്കുക. മദ്യപാനവും മയക്കുമരുന്നും പുകവലിയും എന്നന്നേയ്ക്കുമായി ഉപേക്ഷിക്കുക. കാരണം മദ്യപൻമാർ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല. ജോലിയിൽ വിശ്വസ്തത കാണിക്കുക. അനാവശ്യ കാര്യങ്ങളിൽ ഇടപെടാതിരിക്കുക. അർഹതയില്ലാത്ത സമ്പാദ്യം വേണ്ടെന്ന് വെക്കുക. സമൂഹത്തിന്റെയും കുടുംബത്തിന്റെയും നൻമയ്ക്കായി പ്രയത്നിക്കുക. അനാവശ്യ സമരങ്ങളിൽ പങ്കെടുക്കാതിരിക്കുക.. അയൽക്കാരോടും ബന്ധുക്കളോടും സകല മനുഷ്യരോടും സ്നേഹവും സൗഹാർദ്ദവും പങ്കിടുക. ഇവയെല്ലാം താങ്കളിൽ നല്ലസ്വഭാവം സൃഷ്ടിക്കും. ഒപ്പം, ബൈബിൾ വിശ്വസിക്കുന്ന, യേശുവിനെ മാത്രം ആരാധിക്കുന്ന സഭയിൽ കടന്നുപോയി താങ്കൾക്കുവേണ്ടി പ്രാർത്ഥന ആവശ്യപ്പെടുക. സംശയങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ തുറന്നുചോദിക്കുക. ഓർക്കുക... താങ്കൾക്ക് നഷ്ടപ്പെടുവാൻ ഒന്നുമില്ല; നേടുവാനോ വളരെയുണ്ടുതാനും.

ഈ ലഘുലേഖ താങ്കൾക്ക് പ്രയോജനപ്പെട്ടു എന്ന് വിശ്വസിക്കുന്നു. സ്വർഗ്ഗരാജ്യം യാഥാർത്ഥ്യവും നഷ്ടപ്പെടുത്തിക്കളഞ്ഞാൽ പിന്നീട് ലഭ്യമല്ലാത്തതും ആകുന്നു. ആകയാൽ ഉണരൂ... ചിന്തിക്കൂ... ഈ യേശുവിൽ വിശ്വസിച്ച് മരണപര്യന്തം വിശ്വസ്തതയോടെ ജീവിച്ചാൽ താങ്കൾക്ക് നിത്യജീവൻ പ്രാപിച്ച് സ്വർഗ്ഗരാജ്യം അവകാശമാക്കാം. മാത്രവുമല്ല, കുടുംബത്തിലെ എല്ലാവരും യേശുവിനെ സ്വീകരിച്ചാൽ അതെത്ര സന്തോഷകരവുമാണ്. ഈ സന്തോഷം യുഗായുഗം അനുഭവിച്ച് സന്തുഷ്ടരായി വാഴുകയും ചെയ്യാം.

www.ephatha.in/projects.html എന്ന വെബ്സൈറ്റിൽ നിന്നും "പക്ഷേ, ഞാൻ അറിഞ്ഞിരുന്നു... എങ്കിൽ" എന്ന ചെറിയ പുസ്തകം ദയവായി വായിക്കുക. ഇതു സൗജന്യമായി ലഭ്യമാണ്. താങ്കളുടെ എല്ലാ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഇത് ഉത്തരം നൽകും. ഇന്റർനെറ്റ് ലഭ്യമല്ലായെങ്കിൽ താങ്കളുടെ അഡ്രസ്സ് പിൻകോഡ് സഹിതം +91 97455 44664-ലേക്ക് SMS ചെയ്യുകയോ താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരുകയോ ചെയ്യുക.

കൂടുതൽ വിവരങ്ങൾക്കും പ്രാർത്ഥനക്കും അടുത്തുള്ള സഭയെ സമീപിക്കുക.


ഞങ്ങളുടെ വിലാസം:

Ephatha Ministries
Nanthencode
Kowdiar P.O., Trivandrum - 3
+91 97455 44664






# ഉണരൂ... ചിന്തിക്കൂ...

ഒരു വൃക്ഷത്തെ വെട്ടിക്കളഞ്ഞാലും വീണ്ടും പൊട്ടികിളുർക്കും എന്നുള്ള പ്രത്യാശ അതിനുണ്ട്. അതിന്റെ വേര് നിലത്തുവീണ് പഴകിയാലും വെള്ളത്തിന്റെ ഗന്ധം തട്ടിയാൽ അത് ഒരു തൈപോലെ തളിർവിടും. എന്നാൽ മനുഷ്യൻ പ്രാണൻ വിട്ടാൽ ദ്രവിച്ചുപോകുന്നു. പിന്നെ അവൻ എവിടെ?

താങ്കൾ ഇതുവരെയും കേട്ടിട്ടില്ലാത്ത ഒരു സന്ദേശം ഇതിലുണ്ട്. ആകയാൽ ഈ ലഘുലേഖയെ നിസ്സാരമായി തള്ളികളയാതെ ദയവായി വായിക്കുക, ചിന്തിക്കുക. ഒരുപക്ഷേ, ഇതൊന്നും സത്യമല്ല എന്ന് താങ്കൾ കരുതുന്നുണ്ടായിരിക്കാം... എന്നാൽ വാസ്തവം അതല്ലെങ്കിലോ...? ചിലരുടെ അനുഭവങ്ങൾ അത് തെളിയിക്കുന്നു. www.ephatha.in/hell പരിശോധിക്കുക. മരണത്താൽ ഭൂമിയിൽ നിന്നും മാറ്റപ്പെട്ടിട്ട് സ്വർഗ്ഗത്തിന്റേയും നരകത്തിന്റേയും യാഥാർത്ഥ്യം അനുഭവിച്ച്, തിരികെ ജീവനിലേക്ക് മടങ്ങിവന്നവരുടെ അനുഭവസാക്ഷ്യങ്ങളും വീഡിയോ ദൃശ്യങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് ചിരിച്ചുകളയേണ്ട കെട്ടുകഥയോ ഐതിഹ്യമോ അല്ല. തികച്ചും യാഥാർത്ഥ്യം. വേണമെങ്കിൽ NASA യുടെ വെബ്സൈറ്റിലോ ഗൂഗിളിലോ അന്വേഷിച്ചു നോക്കാം.

സ്വർഗ്ഗരാജ്യം സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും സ്ഥലവും നരകം കരച്ചിലിന്റെയും നിലവിളിയുടെയും സ്ഥലവുമാണ്. ഒരായുസ്സ് മുഴുവൻ ഭൂമിയിലെ കഷ്ടാനുഭവങ്ങൾ സഹിച്ചിട്ട് നിത്യമായ ഒരു നരകം അനുഭവിക്കുക... ആരും ആഗ്രഹിക്കാത്തതാണ്. കാരണം, അവിടെ തീയുണ്ട്. ചാകാത്ത പുഴുവുണ്ട്. എങ്ങും മനുഷ്യന്റെ രോദനവും നിലവിളിയും അലയടിക്കുന്നു. ആ സ്ഥലം ആർക്കാണ് ഇഷ്ടമാകുക? എന്നിരുന്നാലും, ഭൂരിഭാഗം ജനങ്ങളും അറിഞ്ഞോ, അറിയാതെയോ നരകത്തിലേക്ക് വീഴ്ത്തപ്പെടുന്നു. എന്തെന്നാൽ, നരകത്തിലേയ്ക്ക് പോകുവാൻ മനുഷ്യൻ പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ല. എന്നാൽ സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ നാം ചിലത് ചെയ്യേണ്ടതുണ്ട്.

"സ്വർഗ്ഗരാജ്യം വിലയേറിയ ഒരു മുത്തിനോട് സദൃശം ആകുന്നു. ഒരു മനുഷ്യൻ ആ മുത്തിനെ കണ്ടിട്ട് തനിക്കുള്ള സമ്പാദ്യം സകലവും വിറ്റ് അത് വാങ്ങി" (Mathew 13 : 45, 46) എന്ന് ബൈബിൾ പറയുന്നു. ഇതിനർത്ഥം, സ്വർഗ്ഗരാജ്യം എന്ന ആ മുത്ത് നേടുന്നവർ ഭാഗ്യവാന്മാരാണ്. കാരണം, ഒരു

മനുഷ്യൻ സർവലോകവും നേടിയാലും, അവൻ സ്വർഗ്ഗരാജ്യത്ത് എത്തും എന്ന് ഉറപ്പില്ലായെങ്കിൽ അവന്റെ ജീവിതംകൊണ്ട് എന്തു ലാഭം? അവന്റെ ജീവിതം കൊണ്ട് എന്തു പ്രയോജനം? എന്നാൽ അവൻ ഈ ലോകത്ത് ഒന്നും നേടിയില്ലെങ്കിലും സ്വർഗ്ഗരാജ്യം ലഭ്യമായാൽ ആ വിലയേറിയ മുത്ത് വാങ്ങിയ മനുഷ്യനോട് സദൃശനാകുന്നു.

ദൈവമുമ്പാകെ സകലമനുഷ്യരും തുല്യരാണ്. ഭാഷയുടെയോ നിറത്തിന്റെയോ മതത്തിന്റേയോ അടിസ്ഥാനത്തിൽ ദൈവത്തിന് യാതൊരു വേർതിരിവും ഇല്ല; മുഖപക്ഷവും ഇല്ല. ദൈവം സ്നേഹവാനാണ്. ദൈവം മനുഷ്യനെ സ്നേഹിക്കുന്നു. അതുകൊണ്ട് തന്നെ താങ്കൾ ഉൾപ്പെടെ സകലമനുഷ്യരും സ്വർഗ്ഗരാജ്യത്തിൽ ചെന്നെത്തേണം എന്ന് സ്നേഹവാനായ ആ ദൈവം ആഗ്രഹിക്കുന്നു. ചിലരെങ്കിലും ചോദിക്കും, സ്നേഹവാനായ ദൈവം മനുഷ്യനെ നരകത്തിൽ തള്ളിയിടുമോ? നിയമ ലംഘനത്തിന് എല്ലാ രാജ്യങ്ങളിലും ശിക്ഷയില്ലേ? അതുപോലെ ദൈവം തരുന്ന മുന്നറിയിപ്പ് നാം അവഗണിച്ചാൽ പിന്നീട് ദുഃഖിക്കേണ്ടിവരും എന്നത് ഉറപ്പ്. ഏതൊരു മനുഷ്യനും മൂന്നുവിധ ഭവനങ്ങളിൽ കഴിയാൻ വിധിക്കപ്പെട്ടവനാണ്. 1. അമ്മയുടെ ഗർഭപാത്രം, 2. ഭൂമിയിലെ വാസം, 3. നിത്യമായ ഭവനം (സ്വർഗ്ഗമോ നരകമോ ആകാം).

ബൈബിൾ പറയുന്നു, വയലിലെ പുല്ലുപോലെയാണ് മനുഷ്യജീവിതം. അവൻ 70-തോ 80-തോ വർഷം ജീവിച്ച് വയലിലെ പുല്ലുപോലെ വാടിപോകുന്നു. മനുഷ്യന്റെ ആരംഭം മുതൽ ഇന്നുവരെ യും കോടാനുകോടി ജനങ്ങൾ വിവിധ സാഹചര്യങ്ങളിൽ നമ്മെപോലെ ജോലിചെയ്ത്, അദ്ധ്വാനിച്ച്, കുടുംബത്തെ പോറ്റി, ജീവിച്ചിട്ടുണ്ട്. അവരിൽ ചിലരെ മാത്രം നാം ചരിത്രത്തിലും പുസ്തകങ്ങളിലും വായിക്കുന്നു. എന്നാൽ ബാക്കിയുള്ളവരുടെ ഓർമ്മപോലും ഇന്ന് ഇല്ലല്ലോ? ഇനി ഒരു നൂറ് വർഷം കൂടി കഴിയുമ്പോൾ ഇന്നത്തെ സകലജനങ്ങളും കാലയവനികയ്ക്കുള്ളിൽ മറഞ്ഞ് ഒരു പുതിയ തലമുറ നിലവിൽ വരും. വീണ്ടും നൂറ് വർഷം കഴിയുമ്പോൾ അവരും അശേഷം ഇല്ലാതാവുന്നു. ഈ കാലചക്രം ലോകാവസാനം വരെ തുടർന്ന് കൊണ്ടേയിരിക്കും.

എന്നാൽ മനുഷ്യർക്ക് തങ്ങളുടെ സങ്കൽപങ്ങളിൽ ദൈവത്തെ രൂപപ്പെടുത്താനാവില്ല. സയൻസ് പഠിച്ചാൽ മനസ്സിലാകും - 6E+24 ഭാരമുള്ള ഭൂമിയേയും, ഭൂമിയേക്കാൾ മൂന്നിരട്ടി വലിപ്പവും ഭാരവുമുള്ള വ്യാഴത്തേയും, ഒപ്പം ബുധൻ മുതൽ പ്ലൂട്ടോ വരെയുള്ള മറ്റ് ഗ്രഹങ്ങളേയും, 27 മില്യൺ ഫാരൻഹീറ്റ് ചൂടുള്ള സൂര്യനേയും, കോടാനുകോടി നക്ഷത്രങ്ങളേയും ഗാലക്സികളേയും അനുസരണയോടെ നിറുത്തുവാൻ കഴിവുള്ളവനാണ് ദൈവം. അല്ലാതെ കേവലം ഒരു മനുഷ്യന്റെ മസ്തിഷ്കത്തിൽ ഉരുവാകുന്ന രൂപമല്ല. ഈ ദൈവത്തിന്റെ മുഖം സൂര്യനെപ്പോലെ തേജസ്സുള്ളതും, ശബ്ദം പെരുവെള്ളത്തിന്റെ ഇരെച്ചിൽ പോലെയും, കണ്ണ് അഗ്നിജ്വാലക്ക് ഒത്തതും, കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിന് സദൃശവും ആകുന്നു. ഈ സർവ്വശക്തനായ, സർവ്വവ്യാപിയായ, സർവ്വജ്ഞാനിയായ, വിശുദ്ധനും അടുത്തു കൂടാത്ത തേജസ്സിൽ വസിക്കുന്നവനുമായ ദൈവത്തെ മനസ്സിലാക്കണമെങ്കിൽ ബൈബിൾ അഥവാ വേദപുസ്തകം വായിക്കേണം. താങ്കൾ ഇതുവരെയും ബൈബിൾ വായിച്ചിട്ടില്ലാത്ത വ്യക്തി എങ്കിൽ ദയവായി www.ephatha.in/bible എന്ന വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യുകയോ അടുത്തുള്ള സഭയിലെ പാസ്റ്ററുടെ കയ്യിൽ നിന്ന് വാങ്ങുകയോ ചെയ്യുക. താങ്കൾ അത് വായിക്കാൻ ഉത്സാഹിക്കേണം. നാളത്തേക്കായി മാറ്റിവെക്കരുത്. നാളത്തേത് നാം അറിയുന്നില്ലല്ലോ!

വേദപുസ്തകത്തിൽ ധനവാനായ ഒരു വ്യക്തി നരകത്തിൽ നിന്നും ഒരിറ്റ് ജലത്തുള്ളിയ്ക്കായി കേഴുന്ന ദയനീയ കാഴ്ച രേഖപ്പെടുത്തിയിരിക്കുന്നു (Luke 16 : 19-31). അവൻ ഈ ലോകത്തിൽ എല്ലാം നേടി, ആർഭാട ജീവിതം നയിച്ചു, എങ്കിലും തന്റെ ആത്മാവിന് വേണ്ടി ഒന്നും കരുതിയില്ല. അവൻ ഭൂമിയിലായിരുന്നപ്പോൾ അവന് ലഭിച്ച എല്ലാ അവസരങ്ങളെയും നഷ്ടമാക്കി. ദൈവത്തെ അറിയുവാൻ അവന് മനസ്സുണ്ടായതുമില്ല. ദൈവം ചോദിക്കുന്നു. "ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിച്ചാൽ നീ ഒരുക്കി വെച്ചത് ആർക്കാകും" (Luke 12 : 20). അവസരങ്ങൾ മുഴുവനും പാഴാക്കിയ ആ ധനവാന്റെ സ്ഥിതി എത്ര വേദനാജനകമെന്ന് ചിന്തിക്കുക!

പ്രിയ സുഹൃത്തേ, ഒഴിവുകഴിവുകൾ പറയുവാൻ എളുപ്പമാണ്. എന്നാൽ... നിർത്തൂ... ഏതൊരു വ്യക്തിക്കും മരണം ഉറപ്പാണ്. ക്ഷണിക്കപ്പെടാത്ത അതിഥിയായി പ്രതീക്ഷിക്കാത്ത സമയത്ത് പ്രതീക്ഷിക്കാത്ത വിധം അവൻ വരും. മരണത്താൽ എന്നന്നേയ്ക്കുമായി ഈ ഭൂമിയിൽ നിന്നും മനുഷ്യൻ മാറ്റപ്പെടുന്നു. ഇനിയൊരു മടങ്ങിവരവില്ല. ഇനിയൊരു അവസരവുമില്ല. ഓരോ സെക്കന്റ് കഴിയുന്തോറും നാം ഓരോരുത്തരും ആ ദിവസത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ ചോദ്യം ഇതാണ്. മരണശേഷം താങ്കൾ എവിടെ ചിലവഴിക്കും - സ്വർഗ്ഗത്തിലോ...? അതോ നരകത്തിലോ....? അതായത്, സന്തോഷത്തിന്റെയും ശാന്തിയുടേയും പ്രതീകമായ സ്വർഗ്ഗരാജ്യമാണോ? അതോ, പിശാചിനും അവന്റെ കൂട്ടർക്കും വേണ്ടി ഒരുക്കിയിരിക്കുന്ന നിത്യനരകമാണോ?

ആലോചിക്കുവാൻ സമയമില്ല. വരുവാനുള്ള ദൈവക്രോധത്തിൽ നിന്നും ഒഴിഞ്ഞുപോകുവാൻ ആർക്കും കഴിയില്ല. സ്നേഹവാനായ ദൈവം മനുഷ്യനെ ന്യായംവിധിക്കുന്ന ആ നാളിൽ ആർക്കും നിൽപ്പാൻ ആവില്ല. താങ്കളുടെ ഇനിയുള്ള നാളുകൾ ലാഘവത്തോടെ, നിസ്സാരമായി തള്ളികളഞ്ഞാൽ നിത്യമായ നരകത്തിൽ എന്നെന്നേയ്ക്കുമായി പോകേണ്ടി വരും എന്നതിന് സംശയമില്ല. സത്യം മനസ്സിലാക്കൂ... അല്ലെങ്കിൽ അറിയാനായി ശ്രമിക്കൂ... മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവന് ഭൂമിയിൽ നിൽക്കാനാകില്ല. ഭൂമിയിൽ ചെയ്യുന്ന ഒരു കർമ്മങ്ങൾക്കും അവനെ രക്ഷിക്കാനും ആകില്ല. ഉലകത്തിൽ ജനിച്ച സകല മഹാൻമാരുടേയും കല്ലറകൾ അടഞ്ഞുകിടക്കുന്നു. എന്നാൽ ഒരുവൻ മാത്രം, മരണത്തിന്റെ വിഷചരട് തകർത്തുകൊണ്ട് മൂന്നാം നാൾ പുറത്തുവന്നു. അവൻ മരണത്തെകുറിച്ചും മരണാനന്തര ജീവിതത്തെകുറിച്ചും ന്യായവിധിയെകുറിച്ചും വ്യക്തത നൽകി, അവൻ മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ, ജീവൻ നൽകുവാനും മരിച്ചവരെ ഉയിർപ്പിക്കുവാനും കഴിവുള്ളവൻ, ലോകചരിത്രത്തെ BC എന്നും AD എന്നും വിഭവിച്ചവൻ. സകലദുഷ്ടശക്തികളും ഭയപ്പെടുന്നവൻ. അവന്റെ നാമം യേശു. യേശു പറഞ്ഞു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തിരമല്ലാതെ ആരും ദൈവസന്നിധിയിൽ എത്തുന്നില്ല. പ്രിയസ്നേഹിതാ, യേശുവിൽ വിശ്വസിക്കുവാൻ തീരുമാനിക്കൂ.

## സ്വർഗ്ഗരാജ്യം എങ്ങനെ അവകാശമാക്കാം?

"നരകത്തിലെ വിറകുകൊള്ളികൾ" എന്ന് മുദ്രകുത്തപ്പെട്ട മനുഷ്യൻ, പാപത്തിൽ നിന്നും മോചനം നേടാനായ് കർമ്മങ്ങളും ആചാരങ്ങളും അനുഷ്ഠിച്ചു. നേർച്ചകാഴ്ചകളും പുണ്യപ്രവർത്തികളും ചെയ്തുനോക്കി. വിശുദ്ധസ്ഥലങ്ങൾ പലതും മാറി മാറി സന്ദർശിച്ചു. ശരീരത്തെ ദണ്ഡിപ്പിച്ചു. ഭയാനകങ്ങളായ, ചിലവേറിയ ബലികളർപ്പിച്ചു. പട്ടണത്തിലേയ്ക്ക് പോകേണ്ടവൻ വഴി അറിയാതെ അലഞ്ഞു തിരിഞ്ഞതുപോലെ പറഞ്ഞതുകേട്ടതും മറ്റുള്ളവരാൽ നിർദ്ദേശിക്കപ്പെട്ടതും എല്ലാം ശ്രമിച്ചു നോക്കി. എങ്കിലും അവന് തന്റെ പാപത്തിൽ നിന്നും മുക്തി നേടാനായില്ല. അങ്ങനെയിരിക്കെ, പാപമില്ലാത്ത ഒരുവൻ, വിശുദ്ധ പ്രജയായി മറിയ എന്ന സ്ത്രീയിൽ ജൻമം എടുത്തു. സകലമാനവരാശിയുടെയും പാപങ്ങളെ ചുമക്കുവാൻ, ക്രൂശിൽ യാഗമാകുവാൻ തയാറായി. നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായ് തന്റെ അവസാനത്തുള്ളി ചോരയും ക്രൂശിൽ ചീന്തി.

ഒരു വ്യക്തിയുടെ (ആദാം) അനുസരണക്കേടിനാൽ മാനവരാശിയെ മുഴുവനും പാപം എന്ന മഹാരോഗം പടർന്നുപിടിച്ചപ്പോൾ ദൈവവും ഒരു വ്യക്തിയിലൂടെ നിത്യരക്ഷയെ സാദ്ധ്യമാക്കി. തെറ്റൊന്നും ചെയ്യാതിരുന്നിട്ടും ക്രൂശിലെ സകല കഷ്ടങ്ങളും സഹിച്ചു. മനുഷ്യന്റെ കാൽനടന്ന പാത പാപവഴികളായിരുന്നത് കൊണ്ട് അവന്റെ കാലുകളിൽ ആണികൾ അടിക്കപ്പെട്ടു. കൈകൾ കൊണ്ട് ചെയ്ത തെറ്റുകൾക്ക് പ്രായശ്ചിത്തമായി കരങ്ങൾ ആണികളാൽ തുളയ്ക്കപ്പെട്ടു. മനുഷ്യന്റെ ചിന്തകളും നിരൂപണങ്ങളും ദുശ്ചിന്തകളായതിനാൽ അവന്റെ ശിരസ്സിൽ മുൾകിരീടം തറയ്ക്കപ്പെട്ടു. മാത്രവുമല്ല, അവന്റെ ശരീരം മുഴുവൻ ഉഴവുചാൽപോലെ ചാട്ടവാർകൊണ്ട് അടിയ്ക്കപ്പെട്ടു. കണ്ടാൽപോലും ആളറിയാത്ത രീതിയിൽ വിരൂപമാക്കപ്പെട്ടത് താങ്കൾക്കു വേണ്ടിയാണ് സഹോദരാ/സഹോദരീ. താങ്കളുടെ വിലപ്പെട്ട ആത്മാവിനെ രക്ഷിക്കാനായി, പാപിയായ താങ്കളുടെ സ്ഥാനത്ത് സ്വന്തജീവൻ യേശു നൽകി. ക്രൂശിലെ ആ സ്നേഹത്തെ താങ്കൾ കാണുന്നില്ലേ?